# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വനഭൂമി കയ്യേറ്റം</u>

1905 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനഭൂമി കയ്യേറിയും വനഭൂമിയോട് ചേർന്നതുമായ കരിങ്കൽ ക്വാറികളും എംസാന്റ് പ്ലാന്റുകളും പ്രവർത്തിക്കുന്നുണ്ടോ; ഇവയുടെ ജില്ലതിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം വനം കയ്യേറ്റവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ എടുത്തിട്ടുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(സി) വനഭൂമി കയ്യേറ്റം സംബന്ധിച്ച് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കാമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വനങ്ങൾക്കുള്ളിൽ തടയണ</u>

1906 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങൾക്കുള്ളിൽ പരിസ്ഥിതിക്കനുയോജ്യമായവിധം തടയണകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ജലം പാഴായിപ്പോകുന്നത് തടയാൻ വനത്തിനുള്ളിൽ തടയണകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വനങ്ങളിൽ ഔഷധ സസ്യങ്ങൾ നിലനിറുത്തുന്നതിനുള്ള കർമ്മ പദ്ധതി</u>

1907 ശ്രീ. എം. പി. വിൻസെന്റ്
,, റ്റി. എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽ ഔഷധ സസ്യങ്ങൾ നാശോന്മുഖമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അയതിന് എന്തൊക്കെ പരിഹാര നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് ;

(സി) ആയതിനുവേണ്ടി ഒരു സമഗ്ര പഠനം നടത്താനും അതിന്റെ അടിസ്ഥാനത്തിൽ ഒരു കർമ്മ പദ്ധതി തയ്യാറാക്കാനും തയ്യാറാകുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സാമൂഹ്യവനവല്ക്കരണത്തിലെ അഴിമതി</u>

1908 ശ്രീ. കെ. എൻ. എ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവനവൽക്കരണത്തിനായി വനംവകുപ്പ് നഴ്സറികൾ സ്ഥാപിച്ച് തൈകൾ ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നതിൽ വൻതോതിലുള്ള അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൈകൾ വളർത്തുന്നതിനാവശ്യമായ പ്ലാസ്റ്റിക് കൂടുകൾ വാങ്ങുന്നതിലും വിത്തും ചെടികളും വാങ്ങുന്നതിലും വളം ചെയ്യുന്നതിലും വൻതോതിലുള്ള അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുണ്ടോ;

(സി) എത്ര തൈകൾ നട്ടുവെന്നും അവയുടെ ഓരോ ഘട്ടത്തിലും വേണ്ട പരിചരണത്തിന് എന്തു തുക ചെലവായെന്നും ഉള്ള വ്യക്തമായ കണക്കുകൾ ലഭ്യമാക്കാറുണ്ടോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വന്യജീവി ആക്രമണത്തിൽ നിന്നും വിളകൾക്ക് സംരക്ഷണം</u>

1909 ശ്രീ. എ. റ്റി. ജോർജ്
,, കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകർക്കും വിളകൾക്കും വന്യജീവികളിൽ നിന്നും സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത്തരം പരിപാടികൾ നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വന്യജീവി ആക്രമണത്തിന് നഷ്ടപരിഹാരം</u>

1910 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണത്തിന്റെ നഷ്ടപരിഹാരമായി കഴിഞ്ഞ സാമ്പത്തിക വർഷം (2013-2014) വിതരണം ചെയ്ത തുകയുടെ കണക്ക് ജില്ല തിരിച്ചു വ്യക്തമാക്കുമോ;

(ബി) വനത്തിൽ വച്ചല്ലാതെ നാട്ടാനയോ/വിഷസർപ്പമോ മൂലം ജീവഹാനി സംഭവിച്ചാൽ 'വൈൽഡ് ലൈഫ് അറ്റാക്ക്' ആയി കണക്കാക്കുമോ എന്നറിയിക്കുമോ;

(സി) ഇത്തരത്തിൽ നഷ്ടപരിഹാര വിതരണം നടത്തിയതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇപ്പോൾ വിതരണം ചെയ്യുന്ന നഷ്ടപരിഹാര തുകയുടെ മാനദണ്ഡം വിശദമാക്കുമോ; വർദ്ധിപ്പിച്ച നഷ്ടപരിഹാരത്തുക എത്രയെന്ന് വിശദമാക്കുമോ;

(ഇ) വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തിര ധനസഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ആനയുടെ ആക്രമണം മൂലം മരണപ്പെട്ടവർക്കുള്ള സഹായം</u>

1911 ശ്രീ. എസ്.രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ 2011 മുതൽ എത്ര പേരാണ് ആനയുടെ ആക്രമണം മൂലം മരണപ്പെട്ടിട്ടുള്ളത്;

(ബി) മരണപ്പെട്ട ആളുകളുടെ കുടുംബാംഗങ്ങൾക്ക് എല്ലാവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തു തുക വീതമാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തുനിന്നുള്ള മരം ഇറക്കുമതി</u>

1912 ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനി
മയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരങ്ങളുടെ ക്ഷാമം നേരിടുന്നതിന് അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തുനിന്നും മരങ്ങൾ ഇറക്കുമതി ചെയ്തു വരുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) അന്യസംസ്ഥാനത്തു നിന്നും മരങ്ങൾ കൊണ്ടുവരുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ആദിവാസികൾക്ക് ഭൂമി</u>

1913 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാച്ചുമരം, വാഴച്ചാൽ, പെരുമ്പാറ, മുക്കംപുഴ, ഷോളയാർ, ആനക്കയം, പിള്ളപ്പാറ, പുകയിലപ്പാറ തുടങ്ങിയ പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് വീടുവയ്ക്കുന്നതിനും, കൃഷിയ്ക്കും ആവശ്യമായ ഭൂമി വനം വകുപ്പ് നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് ഭൂമി നൽകുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>നെല്ലായാമ്പതിയിലെ കരുണ പ്ലാന്റേഷൻ പോക്കുവരവിനുള്ള അനുമതി</u>

1914 ശ്രീ. എളമരം കരീം
,, റ്റി. വി. രാജേഷ്
,, എം. ചന്ദ്രൻ
,, കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെല്ലായാമ്പതിയിലെ കരുണ പ്ലാന്റേഷൻ സ്വകാര്യ ഗ്രൂപ്പിന് പോക്കുവരവ് ചെയ്തുകൊടുക്കാൻ വനം വകുപ്പിൽ അനുമതിയായിട്ടുണ്ടോ; നെന്മാറ ഡി.എഫ്.ഒ നൽകിയ എൻ.ഒ.സി യുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഇവിടെ വനഭൂമിയും സർക്കാർ ഭൂമിയും ഉണ്ടെന്ന വനം വകുപ്പിന്റെ പഴയ നിലപാടിൽ ഇപ്പോൾ മാറ്റം വരുത്തിയതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(സി) കരുണാ പ്ലാന്റേഷന് ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര ഏക്കർ ഭൂമിയുണ്ടായിരുന്നു; ആയതിൽ പരിസ്ഥിതി ദുർബ്ബല പ്രദേശമായി വിജ്ഞാപനം ചെയ്ത ഭൂമി എത്ര; ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര ഏക്കർ; പ്രസ്തുത ഭൂമികളിലേതിലെങ്കിലും കേസ്സ് നിലവിലുണ്ടോ;

(ഡി) പോക്കുവരവ് അനുവദിക്കാനാവില്ലെന്ന മുൻ നിലപാടിൽ വനം വകുപ്പ് ഇപ്പോൾ മാറ്റം വരുത്തുന്നതിലേക്ക് ആരിൽ നിന്നെല്ലാം ശുപാർശകൾ നേടിയെടുക്കുകയുണ്ടായിട്ടുണ്ട്; വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>നെല്ലിയാമ്പതിയിലെ പാട്ടക്കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ ഒഴിപ്പിക്കാൻ നടപടി</u>

1915

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതിയിലെ പാട്ടത്തിന് നൽകിയിരുന്ന എസ്റ്റേറ്റുകൾ പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഒഴിയാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് ഒഴിപ്പിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) നെല്ലിയാമ്പതിയിൽ പാട്ടത്തിന് നൽകിയിരിക്കുന്ന എസ്റ്റേറ്റുകൾ ഏതെല്ലാമാണെന്നുള്ള വിശദാംശം നൽകാമോ;

(സി) പാട്ടക്കാലാവധി എന്ന് അവസാനിക്കുമെന്നും കാലാവധി കഴിഞ്ഞ എസ്റ്റേറ്റുകൾ ഒഴിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകിയോയെന്നുമുള്ള വിശദാംശം നൽകുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

റാന്നി നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിലുൾപ്പെടുന്ന പ്രവൃത്തികൾ

1916 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി എം.എൽ.എ യുടെ നിയോജകമണ്ഡലം ആസ്ഥി വികസന ഫണ്ടിൽ ഉൾപ്പെടുത്തി വനംവകുപ്പുമായി ബന്ധപ്പെട്ട എത്ര നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് എം. എൽ.എ നിർദ്ദേശം നൽകിയിരിക്കുന്നത് ; അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഓരോന്നിന്റെയും തുക എത്രയെന്ന് പ്രത്യേകം വ്യക്തമാക്കാമോ;

(സി) ഭരണാനുമതിക്കായി ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ സർക്കാരിന് നൽകിയിട്ടുണ്ടോ; എങ്കിൽ ഫയൽ നമ്പരും തീയതിയും വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഭരണാനുമതിക്ക് നൽകാൽ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(ഇ) ഏത് തലത്തിലുള്ള ഉദ്യോഗസ്ഥന്റെ കൈവശമാണ് ഓരോ ഫയലും ഉള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് വനംവകുപ്പിനു കീഴിലുള്ള പാട്ടഭൂമി</u>

1917 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രദേശം, പഞ്ചായത്ത്, പാട്ടക്കാരൻ, വിസ്തീർണ്ണം, കാലയളവ്, തുക എന്നിവയുടെ വിശദാംശങ്ങൾ അടങ്ങിയ പട്ടിക ലഭ്യമാക്കാമോ;

(സി) പാട്ടക്കാലയളവ് കഴിഞ്ഞ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ടോ; എങ്കിൽ പ്രദേശം, പഞ്ചായത്ത്, പാട്ടക്കാരൻ, വിസ്തീർണ്ണം എന്നിവ വിശദമാക്കാമോ;

(ഡി) പാട്ടക്കുടിശ്ശികയുള്ളതും സർക്കാരിലേക്ക് തിരിച്ച് നൽകാത്തതുമായ വനഭൂമിയുണ്ടോയെന്നും, ഉണ്ടെങ്കിൽ പ്രദേശം, പഞ്ചായത്ത്, പാട്ടക്കാരൻ, വിസ്തീർണ്ണം, പാട്ടക്കുടിശ്ശിക തുക, തിരിച്ചുപിടിക്കേണ്ട കാലാവധി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വനാതിർത്തിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ</u>

1918 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ വന്യമൃഗങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി ആരോഗ്യത്തിനു ഹാനികരമായ ഭക്ഷ്യവസ്തുക്കൾ വനത്തിൽ നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വനാതിർത്തിയിലെ എല്ലാ റിസോർട്ടുകളും അടച്ചുപൂട്ടുന്നത് ടൂറിസം മേഖലയെ എത്രമാത്രം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) വനാതിർത്തിയിൽ റിസോർട്ടുകൾക്ക് ലൈസൻസ് അനുവദിക്കരുതെന്ന് പഞ്ചായത്തുകളോട് നിർദ്ദേശിച്ചിട്ടുണ്ടോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>കച്ചേരിക്കടവ് പാലത്തിന് വനം വകുപ്പിന്റെ അനുമതി</u>

1919 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട്, വരന്തരപ്പിള്ളി പഞ്ചായത്തിലെ കച്ചേരിക്കടവ് പാലത്തിന്റെ നിർമ്മാണത്തിന് വനം വകുപ്പിന്റെ അനുമതി നാളിതുവരെ ലഭ്യമായിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അനുമതി ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വനം വകുപ്പിലെ ഔദ്യോഗികവാഹന ദുരുപയോഗം</u>

1920 ശ്രീ. എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനി
**മയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥർ ഔദ്യോഗിക വാഹനം ദുരുപയോഗം ചെയ്യുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആവശ്യത്തിന് ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിനുള്ള വ്യസ്ഥകൾ എന്തെല്ലാമാണ്;

(സി) ഇത് പ്രകാരം 2013-14 വർഷത്തിൽ വനം വകുപ്പിലെ എത്ര ഉദ്യോഗസ്ഥർ സ്വകാര്യ വാഹന ഉപയോഗത്തിനായി പണം അടച്ചിട്ടുണ്ട്; അടച്ച തുകയുടെ വിശദവിവരം വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ഇടമലക്കുടിയിലെ ഏലംതൈ അഴിമതി</u>

1921 ശ്രീ. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ഗ്രാമപഞ്ചായത്തിലെ ഇടമലക്കുടിയിലെ ഏലം തൈ അഴിമതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എത്ര തുകയുടെ അഴിമതിയാണ് നടന്നിട്ടുള്ളത്;

(സി) അഴിമതി നടത്തിയ ഉദ്യോഗസ്ഥരുടെ ആസ്തി എത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വിജിലൻസ് അന്വേഷണം നടത്തുന്നതിന് ഉത്തരവ് പ്രഖ്യാപിച്ചത് വനംവകുപ്പ് തന്നെ അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എന്തു നടപടിയാണ് ഇതിന്മേൽ സ്വീകരിച്ചിരിക്കുന്നത്;

(എഫ്) സ്വീകരിച്ചിട്ടില്ലെങ്കിൽ ഉടൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ഹരിതശ്രീ പദ്ധതിക്കുള്ള സഹായം

1922 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഹരിതശ്രീ പദ്ധതി നടപ്പാക്കുന്നതിനുള്ള കേന്ദ്ര സഹായം എത്രയെന്നും സംസ്ഥാന വിഹിതം എത്രയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കാവുകളുടെ സംരക്ഷണം</u>

1923 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തില വീടുകളോട് ചേർന്നോ അല്ലാതെയോ ഉള്ളതായ പത്തു സെന്റിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള കാവുകളെ സംരക്ഷിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ടോ ;

(ബി) സ്ഥലപരിമിതിമൂലവും സാമ്പത്തിക പ്രയാസത്താലും ഇത്തരത്തിലുള്ള ധാരാളം കാവുകൾ സംരക്ഷിക്കപ്പെടാതെ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എല്ലാ കാവുകളുടെയും സംരക്ഷണത്തിന് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി</u>

1924 ശ്രീ. ഷാഫി പറമ്പിൽ
,, കെ. മുരളീധരൻ
,, ലൂഡി ലൂയിസ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പരിസ്ഥിതി ലോല നിയമഭേദഗതി</u>

1925 ഡോ. എൻ ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നല്കുമോ;

(ബി) സംസ്ഥാനത്ത് പരിസ്ഥിതിലോല നിയമപ്രകാരം വനമേഖലയിലെ എത്ര വിസ്തൃതി ഭൂപ്രദേശമാണ് ഏറ്റെടുത്തിട്ടുള്ളത് ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമപ്രകാരം ഏറ്റെടുത്ത ഭൂപ്രദേശങ്ങളുടെ കാര്യത്തിൽ എന്തെല്ലാം അപാകതകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നല്കാമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായുള്ള വൃക്ഷതൈ വിതരണം</u>

1926 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് അകെ എത്ര വൃക്ഷതൈകൾ വിതരണം ചെയ്തിട്ടുണ്ട്;

(ബി) കഴിഞ്ഞ വർഷങ്ങളിൽ വച്ചുപിടിപ്പിച്ച വൃക്ഷതൈകൾക്ക് തുടർപരിപാലനം നൽകുന്നതിന് നടപടി സ്വീകരിച്ചിരുന്നത് സംബന്ധിച്ച് വിശദീകരിക്കുമോ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുള്ള പരിസ്ഥിതി സംരക്ഷണ പദ്ധതികൾ</u>

1927 ശ്രീ. കെ. ശിവദാസൻ നായർ
,, സി.പി. മുഹമ്മദ്
,, എം.പി. വിൻസെന്റ്
,, എം.എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിഷൻ 676 ൽ ഉൾപ്പെടുത്തി പരിസ്ഥിതി സംരക്ഷണത്തിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കശുവണ്ടി ഫാക്ടറി ആരംഭിക്കുന്നതിന് പാരിസ്ഥിതിക അനുമതി</u>

1928 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പുതുതായി കശുവണ്ടി ഫാക്ടറിയോ, അനുബന്ധ വ്യവസായമോ ആരംഭിക്കുന്നതിലേക്ക് പരിസ്ഥിതി വകുപ്പ് കഴിഞ്ഞ ആറുമാസത്തിനുള്ളിൽ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളിൽ ആർക്കൊക്കെയാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി പുതിയ അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കാർഷിക മേഖലയിലെ പാരിസ്ഥിതിക പ്രശ്നം</u>

1929 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനംമൂലം കാർഷിക മേഖലയിൽ ഉണ്ടായിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പരിസ്ഥിതി വകുപ്പ് വസ്തുനിഷ്ഠമായ പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരത്തിൽ ഒരു സമഗ്രപഠനത്തിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കടലാടിപ്പാറയുടെ സംരക്ഷണം</u>

1930 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കടലാടിപ്പാറ പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നീലേശ്വരം പുഴ ഉത്ഭവിക്കുന്നതും വൈവിദ്ധ്യമാർന്ന ജൈവ സമ്പത്ത്കൊണ്ട് അനുഗ്രഹീതവുമായ ഈ പ്രദേശം സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കേരള സ്പോർട്സ് ഡവലപ്മെന്റ് ഫണ്ട്</u>

1931 ശ്രീ. ഹൈബി ഈഡൻ
,, കെ. മുരളീധരൻ
,, വർക്കല കഹാർ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്പോർട്സ് ഡവലപ്മെന്റ് ഫണ്ട് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കായിക താരങ്ങൾക്ക് അന്തർദേശീയ അവസരങ്ങൾ ലഭ്യമാക്കുന്നതിനും വിദേശകായിക പരിശീലകരെ ഏർപ്പെടുത്തുന്നതിനും പ്രസ്തുത ഫണ്ട് എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസ്</u>

1932 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗെയിംസ് നടത്തിപ്പിനായി നാളിതുവരെ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് അറിയിക്കുമോ;

(ബി) ഗെയിംസ് നടത്തിപ്പിനായി ഏതെല്ലാം പുതിയ നിർമ്മാണ പ്രവൃത്തികളാണ് നടത്തിയതെന്നും അതിന് എത്ര തുക ചെലവായെന്നും വിശദമാക്കുമോ;

(സി) ദേശീയ ഗെയിംസ് നടത്തിപ്പിന്റെ എത്ര ശതമാനം പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചുവെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ഗ്രാമീണ സ്കൂൾ - കോളേജ് വിദ്യാർത്ഥികളുടെ
കായികശേഷി വികസനം

1933 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമതലങ്ങളിലുള്ള സ്കൂൾ - കോളേജ് വിദ്യാർത്ഥികൾക്ക് കായിക പരിശീലനം ലഭ്യമാവുന്നതിന് മതിയായ സൗകര്യങ്ങളില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതികളോ, പരിപാടികളോ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ വിശദീകരിക്കാമോ;

(സി) ഗ്രാമതലങ്ങളിലെ വിവിധ വിദ്യാലയ - കലാലയങ്ങളെ ഏകോപിപ്പിച്ച് വിദ്യാർത്ഥികളുടെ കായികശേഷി വികസിപ്പിക്കാനും കായിക പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആലോചിച്ച് നടപ്പിലാക്കിവരുന്നുണ്ടോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിന്റെ ശോചന്യാവസ്ഥ

1934 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ലാൽബഹദൂർ ശാസ്ത്രി സ്റ്റേഡിയത്തിന്റെ ശോചന്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശോചന്യാവസ്ഥ പരിഹരിച്ച് സ്റ്റേഡിയം പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

മൂന്നാർ ഹൈആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

1935 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഹൈആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിനുള്ള ഗ്രൗണ്ടിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) ഈ വർഷം എത്ര കുട്ടികളെയാണ് ട്രെയിനിംഗ് സെന്ററിൽ പ്രവേശിപ്പിച്ചത്;

(സി) ഇതിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ചാത്തന്നൂർ ശ്രീനാരായണ ട്രസ്റ്റ് ഹയർസെക്കന്ററി സ്കൂളിൽ മിനി സ്റ്റേഡിയം

1936 ശ്രീ. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായികവകുപ്പിന്റെ നേതൃത്വത്തിൽ ചാത്തന്നൂർ ശ്രീനാരായണട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂളിൽ മിനിസ്റ്റേഡിയം നിർമ്മിക്കുന്നതിലേക്കായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും സ്റ്റേഡിയം നിർമ്മാണത്തിന്റെ പുരോഗതിയും അറിയിക്കുമോ;

(സി) നിർമ്മാണചുമതല ഏത് ഏജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും എന്നത്തേക്ക് പണി പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>എലത്തൂർ മൾട്ടി സ്പോർട്സ് കളിസ്ഥലം</u>

1937 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മൈൽ (സ്പോർട്സ് മിനിസ്റ്റേർസ് ഇൻഫ്രാസ്ട്രക്ചറൽ ലീപ് ടു എക്സലൻസ്) പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ എലത്തൂർ നിയോജകമണ്ഡലത്തിലെ പെരുന്തുരുത്തിയിൽ നിർമ്മിക്കുന്ന മൾട്ടി സ്പോർട്സ് കളിസ്ഥലത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മുപ്പത്തി അഞ്ചാം ദേശീയ ഗെയിംസിനു മുന്നോടിയായി കളിസ്ഥലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ത്രീഡി സിനിമ കണ്ണടയുടെ വാടക</u>

T1938 ശ്രീ. എ.കെ. ശശീന്ദ്രൻ
'' തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ::

(എ) നഗരങ്ങളിലെ സിനിമാശാലകളിൽ ത്രീഡി സിനിമ കാണുവാൻ നൽകുന്ന കണ്ണടയ്ക്ക് വാടകയായി 20 രൂപ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിനിമാശാലകളിൽ ഇതൊരു സർവ്വീസിന്റെ ഭാഗമായി കണക്കാക്കി പ്രത്യേകമായി ചാർജ്ജ് ഈടാക്കാതിരിക്കാൻ നടപടി സ്വീകരീക്കുമോ;

(സി) ഒരു കണ്ണട തന്നെ കഴുകി വൃത്തിയാക്കാതെ നൽകുന്നത് കൊണ്ട് പകർപ്പവ്യാധികളോ കണ്ണുദീനമോ പകരുന്നത് കണക്കിലെടുത്ത് ഓരോരുത്തർക്കും പ്രത്യേകമായി കണ്ണട നൽകുന്നതിനാവശ്യമായ നിർദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>

1939 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ സംസ്ഥാന അവാർഡുകൾ നേടിയവയ്ക്കും നല്ല നിലവാരമുള്ള വയെന്ന് ബോധ്യപ്പെട്ടയവുമായ എത്ര സിനിമകൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടെന്ന് പറയാമോ;

(ബി) നല്ല സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വിനോദ നികുതി ഒഴിവാക്കി നൽകുന്നതടക്കം എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വാഹന ഗതാഗതം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ</u>

1940 ശ്രീ. വി. എസ്. സുനിൽ കുമാർ
'' വി. ശശി
'' ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങളുടെ ശരാശരി എണ്ണം എത്രയാണ്, ആയതിൽ ഓരോ വിഭാഗം വാഹനങ്ങളും എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മരാമത്ത് റോഡുകളിലെ വാഹന സാന്ദ്രത ഇപ്പോൾ എത്രയാണ്, വർദ്ധിച്ചു വരുന്ന വാഹന സാന്ദ്രത കണക്കിലെടുത്ത് റോഡുകളുടെ സൗകര്യങ്ങൾ വർദ്ധിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വാഹന ഗതാഗതം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>കുറ്റമറ്റ ട്രാഫിക് സംവിധാനത്തിനുള്ള പദ്ധതികൾ</u>

1941 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കുറ്റമറ്റ ട്രാഫിക് സംവിധാനം ഏർപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടിൽ നിന്നും റോഡ് സുരക്ഷ ഏർപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ഡി) ഹൈവേ പട്രോൾ വാഹനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് എന്തെങ്കിലും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ട്രാഫിക് നിയമ ലംഘകരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള പദ്ധതി</u>

1942 ശ്രീ. വി. പി. സജീന്ദ്രൻ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പ് ട്രാഫിക് ആധുനിക നീരിക്ഷണ ക്യാമറയുടെ സഹായത്തോടെ നിയമലംഘകരിൽ നിന്നും പിഴ ഈടാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;
വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കിയതു മൂലം വാഹന അപകടങ്ങൾ എത്രമാത്രം കുറഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ട്രാഫിക് ജംഗ്ഷനുകളിലും നിരത്തുകളിലും എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകൾ ഒരുക്കിയിട്ടുണ്ട്; വിശദമാക്കുമാ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>മോട്ടോർ വാഹന ചട്ടം ഭേദഗതി</u>

1943 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള മോട്ടോർ വാഹന ചട്ടം 302(2) ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) എന്തൊക്കെ നിർദ്ദേശങ്ങളാണ് ഈ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) മലിനജലം റോഡിലേക്ക് ഒഴുക്കിയതിന്റെ പേരിൽ സംസ്ഥാനത്ത് 2013 ജനുവരിക്ക് ശേഷം വാഹനങ്ങളിൽ നിന്നും ആകെ എത്ര രൂപ പിഴ ഈടാക്കി എന്ന് ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ഫെയർസ്റ്റേജ് നിർണ്ണയത്തിലെ അപാകത</u>

1944 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുക്കിയ ഫെയർ സ്റ്റേജ് നിർണ്ണയിക്കാൻ വൈകിയതുമൂലം, തയ്യാറാക്കിയ പട്ടികയിൽ എന്തെങ്കിലും അപാകത സംഭവിച്ചിട്ടുണ്ടോ;

(ബി) പുതിയ നിരക്ക് പട്ടികയ്ക്കെതിരെ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഫെയർ സ്റ്റേജ് നിർണ്ണയത്തിൽ അവ്യക്തത തുടരുന്നുണ്ടോ; എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ബസ്ചാർജ്ജ് വർദ്ധനമൂലം യാത്രക്കാരുടെ കുറവ്

1945 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബസ് ചാർജ്ജ് വർദ്ധിച്ചതിനാൽ ബസ്സുകളിൽ യാത്രക്കാർ കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. യുടെ പുരോഗതിക്ക്<br>കെ.റ്റി.ഡി.എഫ്.സി. യുടെ സഹായം</u>

1946 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.റ്റി.ഡി.എഫ്.സി. സ്ഥാപിതമായത് എന്നാണ്; അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. ക്ക് കെ.റ്റി.ഡി.എഫ്.സി. യുടെ രൂപീകരണവുമായുള്ള ബന്ധം വ്യക്തമാക്കുമോ;

(സി) കെ.റ്റി.ഡി.എഫ്.സി. സ്ഥാപിതമായതിനു ശേഷം കെ. എസ്.ആർ.റ്റി.സി. യുമായി ബന്ധപ്പെട്ട് നടന്ന ഇടപാടുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക തകർച്ചയിൽ നിന്നും കരകയറാൻ എന്തെല്ലാം സഹായങ്ങളാണ് കെ.റ്റി.ഡി.എഫ്.സി. ചെയ്ത് നൽകിയത്;

(ഇ) കെ.എസ്.ആർ.ടി.സി. യുടെ പുരോഗതിക്ക് കെ.റ്റി. ഡി.എഫ്.സി.യുടെ സമ്പത്ത് ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ മറ്റ് ആവശ്യങ്ങൾക്കായി വിട്ടുനൽകൽ**

1947 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകൾ കല്യാണ ആവശ്യങ്ങൾക്കോ, ഉല്ലാസ യാത്രകൾക്കോ വാടകയ്ക്ക് നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ 6 മാസം എത്ര ബസ്സുകൾ അത്തരത്തിൽ യാത്രക്കായി വിട്ട് കൊടുത്തു; അതിൽ നിന്നും ലഭിച്ച വരുമാനം എത്ര; പ്രസ്തുത ഓട്ടങ്ങൾക്ക് കെ.എസ്. ആർ.ടി.സി ബസ്സിനുപുറമേ ഡ്രൈവറേയും കണ്ടക്ടറേയും വിട്ട് നൽകാറുണ്ടോ;

(സി) പ്രസ്തുത ഓട്ടങ്ങൾക്ക് നിരക്ക് നിശ്ചയിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; നിരക്ക് നിശ്ചയിക്കുന്നതിന് ഏതെങ്കിലും കെ.എസ്.ആർ.ടി.സി ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ അധികാരപരിധി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓട്ടങ്ങൾക്ക് നിരക്കിലോ കാലയളവിലോ ഇളവ് അനുവദിക്കാറുണ്ടോ; എങ്കിൽ ആർക്കൊക്കെ; ആയതിലെ മാനദണ്ഡം വ്യക്തമാക്കുമോ; കഴിഞ്ഞ വർഷം എത്ര പേർക്ക് ഇത്തരം സർവ്വീസുകളിൽ നിരക്ക് ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ആവശ്യങ്ങൾക്കായി വിട്ട് നൽകുന്ന വാഹനം ഓട്ടത്തിനിടയിൽ കേടായാൽ അത് നന്നാക്കാനുള്ള ചുമതല ആർക്കാണ്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിലെ സ്പെയർ പാർട്സ് പർച്ചേയ്സ്</u>

1948 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. വാഹനങ്ങളുടെ സ്പെയർ പാർട്സ്കളുടെ നിലവിലുള്ള പർച്ചേയ്സ് രീതി വ്യക്തമാക്കുമോ; ദിനം പ്രതി ഓരോ ഡിപ്പോയിലും എത്ര തുക വരെയുള്ള എമർജൻസി പർച്ചേയ്സിന് അനുമതി നൽകിയിട്ടുണ്ട്; ആയതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥരും അവരുടെ അധികാര പരിധിയും എന്തെന്ന് വ്യക്തമാക്കുമോ;

(ബി) കെ. എസ്. ആർ. ടി. സി. യിലെ പർച്ചേയ്സിംഗിൽ കാലോചിതവും പഴുതുകളടച്ചതുമായ അത്യാധുനിക രീതി നടപ്പിൽ വരുത്തുന്നതിന് ആലോചനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ ഒരു വർഷം കേന്ദ്ര പർച്ചേയ്സിംഗ് സംവിധാനം മുഖേന എന്തു തുകയ്ക്കുള്ള സാധന സാമഗ്രികൾ ഏതെല്ലാം സപ്ലെയർമാരിൽ നിന്ന് വാങ്ങി എന്നും എല്ലാ യൂണിറ്റുകളിലുംകൂടി എന്ത് തുകയ്ക്കുള്ള എമർജൻസി പർച്ചേയ്സിംഗ് നടത്തി എന്നും അറിയിക്കുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>സ്പെയർ പാർട്സ് പർച്ചേസ് സുതാര്യമാക്കുന്നതിനുള്ള നടപടികൾ</u>

1949 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.റ്റി.സി.യിൽ ലോക്കൽ പർച്ചേസ് സംവിധാനം അതേപടി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ആയതു സംബന്ധമായി ഏതെങ്കിലും അഴിമതി കേസ്സുകൾ കെ.എസ്.ആർ.റ്റി.സി.യിലെ ആരുടെയെങ്കിലും പേരിൽ എടുത്തിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകാമോ ;

(സി) കെ.എസ്.ആർ.റ്റി.സി.യിലെ സ്പെയർ പാർട്സ് പർച്ചേസ് സുതാര്യമാക്കുന്നതിനും അഴിമതി രഹിതമാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>ബസ് ചാർജ്ജ് വർദ്ധനവ് വഴി ഉണ്ടായ വാർഷിക വരുമാന വരവ്</u>

1950 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഇത്തവണ ബസ് ചാർജ്ജ് വർദ്ധിപ്പിച്ചതുവഴി കെ.എസ്.ആർ.ടി.സി യുടെ വാർഷിക വരുമാന വരവ് എത്ര രൂപാ വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് വഴി കെ.എസ്.ആർ.ടി. സിയുടെ പ്രവർത്തന നഷ്ടത്തിൽ എത്ര ശതമാനം കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കിലോമീറ്റർ കണക്കാക്കി ടിക്കറ്റ് ചാർജ്</u>
<u>നിശ്ചയിക്കുന്നതിനുള്ള നടപടികൾ</u>

1951 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫെയർ സ്റ്റേജ് നിശ്ചയിച്ചപ്പോൾ കിലോമീറ്റർ നിരക്കിനേക്കാൾ വളരെയധികം തുക യാത്രക്കാർ നൽകേണ്ടിവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുപരിഹാരമായി ഫെയർ സ്റ്റേജ് ഉപേക്ഷിച്ച് കിലോമീറ്റർ ചാർജ്ജ് കണക്കാക്കി ടിക്കറ്റ് ചാർജ്ജ് നിശ്ചയിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഫെയർ സ്റ്റേജും കിലോമീറ്റർ തുകയും ഒരുമിച്ച് കണക്കാക്കി കുറവുള്ളത് ടിക്കറ്റ് ചാർജ്ജ് തുകയാക്കി ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

<u>ഫെയർസ്റ്റേജ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

1952 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ്സ്ചാർജ്ജ് ഇപ്പോൾ വീണ്ടും വർദ്ധിപ്പിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഫെയർ സ്റ്റേജുകൾ നിശ്ചയിക്കുന്ന ഏജൻസി ഏതാണ്;

(സി) വ്യാജ ഫെയർ സ്റ്റേജുകൾ തയ്യാറാക്കിയത് സംബന്ധിച്ച് പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച അന്വേഷണം സർക്കാർ നടത്തുന്നുണ്ടോ; ഏത് ഏജൻസിയാണ് അന്വേഷണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കിലോമീറ്ററിന് നിശ്ചയിക്കുന്ന നിരക്കും യഥാർത്ഥത്തിൽ യാത്ര ചെയ്യുമ്പോൾ ഈടാക്കുന്ന നിരക്കും തമ്മിൽ പൊരുത്തപ്പെടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

ഊരിനുണർവ് - കാടിനുണർവ് പദ്ധതി

1953 ശ്രീ. ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി ആദിവാസി ഊരുകളുടെ ഉന്നമനത്തിന് ഊരിനുണർവ് - കാടിനുണർവ് പദ്ധതികൾ വനം വകുപ്പ് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി വനം വകുപ്പ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ/കെ.എസ്.ആർ.ടി.സി ബസ്സുകളുടെ വരുമാനം</u>

1954 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രതിമാസം സ്വകാര്യബസ്സുകൾ എത്ര കിലോമീറ്റർ സർവ്വീസ് നടത്തുന്നുവെന്ന് അറിയിക്കാമോ; ഈ സർവ്വീസുകളിൽ നിന്നുമുള്ള പ്രതിമാസ വരുമാനം എത്രയെന്ന് അറിയിക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി. പ്രതിമാസം എത്ര കിലാമീറ്റർ സർവ്വീസ് നടത്തുന്നുവെന്ന് വ്യക്തമാക്കാമോ; ഈ സർവ്വീസുകളിൽ നിന്നുമുള്ള പ്രതിമാസ വരുമാനം എത്രയെന്ന് അറിയിക്കുമോ;

(സി) ഏറ്റവും അവസാനമായി ബസ്ചാർജ് പുതുക്കിനിശ്ചയിച്ച വഴി ഒരു കിലോമീറ്റർ സർവ്വീസിൽ നിന്നും എത്ര രൂപയുടെ അധിക വരുമാനം കെ.എസ്.ആർ.ടി.സി. പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന ശരാശരി നഷ്ടം

1955 ശ്രീമതി പി.അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബസ് ചാർജ്ജ് വർധന നിലവിൽ വന്നതിനോടൊപ്പം ഫെയർ സ്റ്റേജ് നിർണ്ണയത്തിലെ അപാകത പരിഹരിക്കാത്തതുകൊണ്ട് യാത്രക്കാർക്ക് കൂടുതൽ നഷ്ടമുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(ബി) കെ.എസ്.ആർ.ടി.സിയുടെ ഇപ്പോഴത്തെ പ്രതിദിന ശരാശരി നഷ്ടം എത്ര രൂപയാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ.എസ്.ആർ.ടി.സിയുടെ പ്രതിദിന ശരാശരി നഷ്ടം എത്ര രൂപ ആയിരുന്നു?

**കേരള നിയമസഭ**
**16.06.2014–ലെ മറുപടിക്ക്**

കെ.എസ്.ആർ.ടി.സി. യുടെ വ്യാപാര സമുച്ചയം

1956 ശ്രീ സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ ഏതൊക്കെ ബസ് സ്റ്റാന്റുകളിലാണ് വ്യാപാര സമുച്ചയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത നിർമ്മാണം ഏതടിസ്ഥാനത്തിലാണ് ; ആരുമായിട്ടാണ് നിർമ്മാണ കരാർ ഉണ്ടാക്കിയിട്ടുള്ളത് ; ഉണ്ടാക്കിയിട്ടില്ലെങ്കിൽ കരാർ ആരുമായിട്ടാണ് ഉദ്ദേശിക്കുന്നത് ; ആയതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി രാത്രികാല ബസ് സർവ്വീസ് റദ്ദാക്കൽ

1957 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ കെ.എസ്.ആർ.ടി.സി. യുടെ രാത്രികാല ബസ്സ് സർവ്വീസുകൾ കളക്ഷൻ കുറവാണെന്ന കാരണത്താൽ റദ്ദാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ രാത്രികാലസർവ്വീസുകൾ റദ്ദാക്കുന്നതിന് എത്ര ദിവസത്തെ കളക്ഷൻ പഠനവിധേയമാക്കാറുണ്ട്;

(സി) 2014 മെയ്മാസം 15-ാം തീയതി ഇത്തരത്തിൽ എത്ര സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്; തിരുവനന്തപുരം ജില്ലയിലെ ഡിപ്പോ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) പാലോട് ഡിപ്പോയിൽ പ്രസ്തുത തീയതിയിൽ ബസ്സ് റദ്ദാക്കിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

(ഇ) ഉണ്ടെങ്കിൽ ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 16.06.2014–ലെ മറുപടിക്ക്

എം.എൽ.എ.മാരുടെ നിർദ്ദേശപ്രകാരം ആരംഭിച്ച സർവ്വീസുകൾ

1958 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം എം. എൽ.എ. മാരുടെ നിർദ്ദേശപ്രകാരം ഏതെല്ലാം റൂട്ടുകളിലാണ് കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുവാൻ തുടങ്ങിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ ഏതെങ്കിലും ബസ്സുകൾ നിർത്തൽ ചെയ്തിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) നിർത്തൽ ചെയ്യാനുള്ള കാരണം വിശദമാക്കുമോ ?

# കേരള നിയമസഭ
# 16.06.2014–ലെ മറുപടിക്ക്

<u>കെ. എസ്. ആർ. ടി. സി. യിൽ പരസ്യം നൽകുന്നതിനുള്ള നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും</u>

1959 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകളിൽ പരസ്യം പ്രദർശിപ്പിക്കുന്നത് വഴി കഴിഞ്ഞ വർഷം എന്ത് തുക വരുമാനമായി ലഭിച്ചു; പരസ്യം ചെയ്യുന്നതിനുള്ള നടപടിക്രമവും മാനദണ്ഡങ്ങളും വിശദമാക്കുമോ;

(ബി) പ്രസ്തുത മാനദണ്ഡം ലംഘിച്ച് കെ. എസ്. ആർ. ടി. സി കഴിഞ്ഞ 5 വർഷത്തിനിടയിൽ ആരുടെയെങ്കിലും പരസ്യം പ്രദർശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനാധാരമായ കാരണം വ്യക്തമാക്കുമോ; അതുവഴി കെ. എസ്. ആർ. ടി. സി. ക്ക് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ടോ;

(സി) കെ. എസ്. ആർ.ടി.സി ബസ്സുകളിൽ പരസ്യം ചെയ്യുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എന്തെല്ലാം ഇളവുകൾ ഏതെല്ലാം ഇനത്തിൽ നൽകി വരുന്നുണ്ട്; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ബസുകൾ വാടകയ്ക്ക് നൽകൽ</u>

1960 ശ്രീ. കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ.ടി.സി. ബസ്സുകൾ ഇതര സർക്കാർ/അർദ്ധസർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവരിൽ ആർക്കൊക്കെ വാടകയ്ക്ക് നൽകിവരുന്നുണ്ട്;

(ബി) എങ്കിൽ എത്ര ബസ്സുകൾ, ആർക്കൊക്കെ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ആണ് നൽകിവരുന്നത്;

(സി) ഇതിൽ ഓരോ ഇടപാടിൽ നിന്നായി ലഭിക്കുന്ന വരുമാനം സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) പ്രസ്തുത ബസ്സുകൾ ഇത്തരം സ്വകാര്യ സർവ്വീസിന് പുറമേ കെ.എസ്. ആർ.ടി.സി. യിലെ ദൈനംദിന ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>തമ്പാനൂരിലെ കെ.എസ്.ആർ.റ്റി.സി. ബസ് ടെർമിനൽ നിർമ്മാണം</u>

1961 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തമ്പാനൂരിലെ കെ.എസ്.ആർ.റ്റി. സി. ബസ് ടെർമിനൽ നിർമ്മാണം നടത്തിയത് ആരാണ്;

(ബി) ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടും പണി പൂർത്തിയാകാതെ ടി സ്ഥാപനം ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം സംഭവിച്ചതിന്റെ കാരണം എന്താണ്;

(സി) ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തിയ നിർമ്മാണത്തിന്റെ എഗ്രിമെന്റ് ആരൊക്കെ തമ്മിലായിരുന്നു; അതിന്റെ വിശദാംശം നൽകാമോ; പ്രസ്തുത എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

തമ്പാനൂർ ബസ് ടെർമിനൽ ഉദ്ഘാടനം

1962 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ 2014 മെയ് 31 വരെ എത്ര രൂപയുടെ പെൻഷൻ വിതരണം ചെയ്യാനുണ്ട്;

(ബി) തമ്പാനൂരിലെ ബസ് ടെർമിനലിന്റെ ഉദ്ഘാടനത്തിന് കോർപ്പറേഷൻ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക കോർപ്പറേഷൻ ഏത് അക്കൗണ്ട് ശീർഷകത്തിൽ നിന്നാണ് ചെലവഴിച്ചത് വ്യക്തമാക്കാമോ;

(ഡി) പെൻഷൻ തുക യഥാസമയം വിതരണം ചെയ്യാതെ ലക്ഷങ്ങൾ മുടക്കി ഉദ്ഘാടനം നടത്തിയതിലെ ധാർമ്മികത പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>നെടുമങ്ങാട് ബസ് ടെർമിനൽ കം കൊമേഴ്സ്യൽ കോംപ്ല ക്സിന്റെ നിർമ്മാണ പ്രവർത്തനം</u>

1963 ശ്രീ. പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി നെടുമങ്ങാട് ബസ് ടെർമിനൽ കം കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനത്തിന് ഭരണാനുമതി ലഭിച്ചതെന്നാണെന്ന് അറിയിക്കാമോ; ഏത് ബോർഡ് മീറ്റിംഗിലാണ് ഇതു സംബന്ധിച്ച തീരുമാനമെടുത്തത്;

(ബി) നിർമ്മാണ പ്രവർത്തനത്തിന്റെ പ്ലാനിന് നെടുമങ്ങാട് നഗരസഭയും ടൗൺ പ്ലാനിംഗ് വിഭാഗവും അന്തിമാനുമതി നൽകിയത് എന്നാണ്;

(സി) എന്നാണ് പ്രവൃത്തി ടെൻടർ ചെയ്തതെന്നും എന്നാണ് പ്രവൃത്തിയുടെ എഗ്രിമെന്റ് വച്ചതെന്നും അറിയിക്കുമോ;

(ഡി) അടങ്കൽ തുക എത്രയാണെന്നും വിശദമാക്കുമോ;

(ഇ) കൊമേഴ്സ്യൽ റൂമുകളുടെ ലേലം എന്നാണ് നടന്നത്;

(എഫ്) നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിലെ കൊമേഴ്സ്യൽ കോംപ്ലക്സ് ഉൾപ്പെടെയുള്ള സ്ഥല സൗകര്യങ്ങൾ എത്ര തുകയ്ക്കാണ് ലേലം ചെയ്തത്;

(ജി) പ്രസ്തുത ലേലത്തുകയിൽ നിന്നും എത്ര രൂപ കോർപ്പറേഷന് ലഭിച്ചിട്ടുണ്ടെന്നും ഇനി എത്ര രൂപ കിട്ടാനുണ്ടെന്നും ആയത് എന്നു നടന്ന ലേലത്തിന്റെ തുകയാണെന്നും വ്യക്തമാക്കുമോ;

(എച്ച്) ഇനി എത്ര സ്ഥലം ലേലം ചെയ്യാനുണ്ട്;

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

(ഐ) കരാർ പ്രകാരം നിർമ്മാണ കാലാവധി അവസാനിക്കേണ്ടത് എന്നായിരുന്നു;

(ജെ) പ്രസ്തുത നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തിയാക്കുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കിളിമാനൂര്‍ കെ. എസ്. ആര്‍. ടി. സി ഡിപ്പോയിലെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍

1964 ശ്രീ.ബി. സത്യന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കിളിമാനൂര്‍ കെ. എസ്. ആര്‍.ടി.സി ഡിപ്പോയില്‍ ഏതൊക്കെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങളാണ് ഇപ്പോള്‍ നടന്നു വരുന്നതെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിരിക്കുന്നതെന്നും നിര്‍മ്മാണം എന്നത്തേക്ക് പൂര്‍ത്തിയാകുമെന്നും ഏത് ഫണ്ടാണ് ഇതിന് വിനിയോഗിക്കുന്നതെന്നും വിശദമാക്കാമോ;

(ബി) കിളിമാനൂര്‍ കെ. എസ്. ആര്‍. ടി. സി ഡിപ്പോയിലെ ബസ് ബേ തകര്‍ന്നു കിടക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാന്‍ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ചാരുംമൂട് കേന്ദ്രമാക്കി ബസ് ടെർമിനൽ</u>

1965 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചാരുംമൂട് കേന്ദ്രമാക്കി ഒരു ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനാവശ്യമായ നിർദ്ദേശം ലഭ്യമായിട്ടുണ്ടോ ; ബസ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ

(ബി) മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ബാംഗ്ലൂർ, കോയമ്പത്തൂർ, പളനി മേഖലകളിലേക്ക് ദീർഘദൂര സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമേ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

ചാലക്കുടി കെ.എസ്.ആർ.ടി.സി. കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണം

1966 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യപ്രാധാന്യമുള്ള ബസ്സ് സ്റ്റേഷൻ കോമ്പൗണ്ടുള്ള ചാലക്കുടി കെ.എസ്.ആർ.ടി.സി വക സ്ഥലത്ത് കൊമേഴ്സ്യൽ ഷോപ്പിംഗ് കോംപ്ലക്സും ടൂറിസ്റ്റു ഹോമും നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ കോമ്പൗണ്ടിൽ പേ-ആന്റ് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

അങ്കമാലി ബസ്ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് ലേലനടപടികൾ

1967 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.റ്റി. ഡി.എഫ്.സി അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടിസി. ബസ് ടെൻമിനൽ കം ഷോപ്പിംങ് കോപ്ലക്സിൽ ലേലദർഘാസ് നടപടികളിലൂടെ ഓരോ നിലയിലും എത്ര സ്ഥലമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത് ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര സ്ഥലമാണ് ഇനി ലേലത്തിൽ പോകാനുള്ളത്; പ്രസ്തുത സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനായി നാളിതുവരെ എത്ര തവണ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ലേലനടപടികൾ പരസ്യപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഈ സ്ഥലങ്ങൾ ലേലത്തിൽ പോകാതിരിക്കുവാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഇതുവരെ ലേലത്തിൽ പോയിട്ടുള്ള സ്ഥലങ്ങളിലൂടെ ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>അങ്കമാലി ബസ്സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കല്‍</u>

1968 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോര്‍ട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലി കെ.എസ്.ആര്‍.ടി.സി. ബസ് സ്റ്റാന്റിലേക്കുള്ള പ്രവേശന കവാടത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) അക്വസിഷന്‍ നടപടികളില്‍ നിന്നും വിട്ടുപോയിരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പയ്യന്നൂർ ഡിപ്പോയിലെ വാണിജ്യ സമുച്ചയ നിർമ്മാണം</u>

1969 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്. ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ ആരംഭിക്കുന്ന വാണിജ്യ സമുച്ചയ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ</u>

1970 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രത്യേക നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ബന്ധപ്പെട്ട വകുപ്പുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഇതിനു വേണ്ടി ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ടോ;

(സി) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം, കൺസെഷൻ പ്രശ്നം എന്നിവ പരിഹരിക്കുന്നതിനുള്ള എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് - തൃശൂർ, കോഴിക്കോട് - പാലക്കാട് റൂട്ടുകളിലെ പ്രൈവറ്റ് ബസ് സർവ്വീസുകൾ</u>

1971 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - തൃശൂർ, കോഴിക്കോട് - പാലക്കാട് റൂട്ടുകളിൽ നിരവധി പ്രൈവറ്റ് ബസ്സുകൾ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് വിഭാഗമാക്കി ഓടുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് പെർമിറ്റുകൾ നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾ എന്തെല്ലാമാണ്;

(സി) ഇപ്പോൾ പെർമിറ്റ് ലഭിച്ച ബസ്സുകൾ ഇത്തരം നിബന്ധനകൾ പാലിച്ചിട്ടുള്ളവയാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ;

(ഡി) ഹൈക്കോടതി ഉത്തരവിന്റെ വെളിച്ചത്തിലാണ് ഇത്തരം പെർമിറ്റുകൾ നൽകിയതെങ്കിൽ ഇതിനെതിരെ അപ്പീൽ പോകുന്നതിന് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കോഴിക്കോട് സിറ്റി ബസുകളുടെ ട്രിപ്പ് മുടക്കൽ

1972 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഓടുന്ന സിറ്റി ബസുകൾ പലപ്പോഴും വൈകുന്നേരങ്ങളിലും, രാത്രികളിലും ട്രിപ്പ് കട്ടുചെയ്യുന്നത് കാരണം യാത്രക്കാർ ബുദ്ധിമുട്ടുന്ന കാര്യം പത്രവാർത്തയായി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ട്രിപ്പ് കട്ടു ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി.യുടെ മൾട്ടി ആക്സിൽ വാഹനമുപയോഗിച്ചുള്ള ഇന്റർസ്റ്റേറ്റ് സർവ്വീസ്

1973

ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. നടത്തുന്ന, മൾട്ടി ആക്സിൽ വാഹനമുപയോഗിച്ചുള്ള ഇന്റർസ്റ്റേറ്റ് സർവ്വീസ് ലാഭകരമായിട്ടാണോ നടന്നുവരുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരത്തിലുള്ള സർവ്വീസുകൾ എത്രയെണ്ണം കെ.എസ്.ആർ.ടി.സി. നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട് എന്നും ഏതൊക്കെ റൂട്ടുകളിലാണെന്നും അറിയിക്കുമോ;

(സി) ഇതിൽ ഏറ്റവും ലാഭകരമായി നടന്നുവരുന്ന സർവ്വീസ് ഏതാണ്;

(ഡി) ഇത്തരം സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും മറ്റ് സംസ്ഥാനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) സ്വകാര്യ ബസ്സ് ഓപ്പറേറ്റേഴ്സിൽ നിന്നും, കെ.എസ്.ആർ.ടി.സി.ക്കുണ്ടാകുന്ന ഭീഷണി നേരിടാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ലോ-ഫ്ളോർ ബസ് റൂട്ടുകൾ അനുവദിയ്ക്കണമെന്ന ആവശ്യം</u>

1974 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ മണ്ഡലത്തിൽ ലോ-ഫ്ളോർ ബസ് റൂട്ടുകൾ അനുവദിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നഗരകാര്യവും-ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രിയ്ക്ക് നൽകിയ നിവേദനം 12.5.2014-ലെ 79/VIP/M(UA&WM)/14 നമ്പർ ആയി മേൽ നടപടികൾക്കായി ബഹു. ഗതാഗത വകുപ്പ് മന്ത്രിയ്ക്ക് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ഗുരുവായൂർ- കോങ്ങാട് ബസ് സർവ്വീസ്</u>

1975 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിൽനിന്നും, കുന്നംകുളം -എരുമപ്പെട്ടി-വടക്കാഞ്ചേരി- ചേലക്കര -തിരുവില്ല്വാമല വഴി കോങ്ങാട് വരെയും തിരിച്ച് ഇതെ റൂട്ടിൽ തന്നെ ഗുരുവായൂരിലേക്കും ഓർഡിനറി ബസ് സർവ്വീസ് നടത്തിയിരുന്നോ;

(ബി) ഈ ബസ്സ് സർവ്വീസ് ഇപ്പോഴും കെ.എസ്.ആർ.ടി.സി നടത്തി വരുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഈ ബസ്സ് സർവ്വീസ് നിർത്തുവാനുണ്ടായ കാരണം എന്താണെന്നും അറിയിക്കുമോ;

(സി) ഭക്തർക്കും മറ്റു യാത്രകാർക്കും ഒരുപോലെ സൗകര്യപ്രദമായിരുന്ന ഈ ബസ്സ് സർവ്വീസ് പുനരാരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിയ്ക്കുമോ; വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>പൊന്നാനിയിലേക്കുള്ള ബസുകളുടെ പുന:ക്രമീകരണം</u>

1976 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ, കുന്ദംകുളം, എന്നിവിടങ്ങളിൽ നിന്നും സംസ്ഥാനപാതയിലൂടെ ആൽത്തറ വഴി പോകുന്ന പൊന്നാനി ബസുകൾ പൊന്നാനി സ്റ്റാന്റിലേക്ക് പോകാതെ കുണ്ടുകടവ് ജംഗ്ഷനിൽ യാത്ര അവസാനിപ്പിക്കുന്നത് മൂലം കോടതി, സിവിൽ സ്റ്റേഷൻ എം.ഇ.എസ് കോളേജ്, അഞ്ച് ഹൈസ്ക്കൂളുകൾ എന്നിവിടങ്ങളിലേക്കുള്ള യാത്രക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എല്ലാ ബസുകൾക്കും പൊന്നാനി സ്റ്റാന്റുവരെ പോകുന്നതിന് നിർദ്ദേശം കൊടുക്കുമോ;

(സി) നിലവിലുള്ള കുണ്ടുകടവ് ജംഗ്ഷൻ പെർമിറ്റുകൾ പൊന്നാനി സ്റ്റാന്റുവരെ പുന:ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് - മൊതക്കര ബസ് സർവ്വീസ്</u>

1977 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്ന് പടിഞ്ഞാറത്തറ ബാണാസുര ഡാമിലേക്ക് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി ബസ്സ് മൊതക്കര വരെ നീട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബസ്സ് സർവ്വീസ് മൊതക്കര വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. പെൻഷനർമാരുടെ അനിശ്ചിതകാല സത്യാഗ്രഹം

1978 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷണേഴ്സ് സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിവന്ന അനശ്ചിതകാല സത്യാഗ്രഹ സമരം സ്വമനസ്സാലെയാണോ അതോ ഗവൺമെന്റ് എന്തെങ്കിലും ഉറപ്പ് നൽകിയിട്ടാണോ അവസാനിപ്പിച്ചത് ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് അവർക്ക് നൽകിയ ഉറപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി യിലെ പെൻഷൻ തുക</u>

1979 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി യിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർക്കാണ് പെൻഷൻ നൽകിവരുന്നതെന്ന് അറിയിക്കുമോ; ഈ ആവശ്യത്തിലേയ്ക്കായി പ്രതിമാസം എന്തു തുക ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ:

(ബി) വിരമിച്ച ജീവനക്കാർക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്; പ്രസ്തുത തുക നൽകുന്നതിലേയ്ക്ക് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കെ.എസ്.ആർ.ടി.സി യിലെ പെൻഷൻ തുക ഗവൺമെന്റിൽ നിന്നും ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

കെ. റ്റി. ഡി. എഫ്. സി. യിൽനിന്നുള്ള വായ്പ

1980 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും**
**സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കെ.എസ്. അർ. ടി. സി. എത്ര കോടി രൂപയാണ് കെ. റ്റി. ഡി. എഫ്. സി. യിൽനിന്നും വായ്പയായി എടുത്തിട്ടുള്ളത്; നിലവിൽ എത്ര ശതമാനം പലിശയ്ക്കാണ് പ്രസ്തുത തുക വായ്പയായി എടുത്തിട്ടുള്ളത്;

(ബി) ഒരു വർഷം ഇപ്രകാരം വായ്പായിനത്തിൽത്തന്നെ എത്ര കോടി രൂപയാണ് കെ. എസ്. അർ. ടി. സി., കെ. റ്റി. ഡി. എഫ്. സി.യ്ക്ക് അടച്ചുവരുന്നത്;

(സി) കെ. റ്റി.ഡി. എഫ്. സി.യെ കൂടാതെ കെ. എസ്. ആർ. ടി. സി. യുടെ നടത്തിപ്പിനായി മറ്റ് ഏജൻസികളെ പണം എടുക്കുന്നതിനായി സമീപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ബസുകളിൽ യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്നത് നിർബന്ധമാക്കൽ</u>

1981 ശ്രീ. ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും
സിനിമയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ പല സ്വകാര്യ ബസ്സുകളിലും യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ യാത്രക്കാർക്ക് ടിക്കറ്റ് നൽകാത്തതിന്റെ പേരിൽ 2013 വർഷത്തിൽ എത്ര ബസ്സുടമകൾക്കെതിരെ നടപടി എടുത്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ബസ്സുകളിൽ നിർബന്ധമായും യാത്രക്കാർക്ക് ടിക്കറ്റ് നൽകണം എന്ന് ബസ്സുടമകൾക്ക് നിർദ്ദേശം നൽകുവാനും, നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ബസ്സുടമകൾക്കെതിരെ നടപടി എടുക്കാനും ആർ. റ്റി.ഒ.യ്ക്ക് നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടികൾ</u>

1982 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റാതിരിക്കുക, അവധിദിനങ്ങളിൽ യാത്രായിളവ് അനുവദിക്കാതിരിക്കുക, മോശമായി പെരുമാറുക എന്നിവ തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>സ്കൂൾ ബസുകളുടെ വേഗപരിധി</u>

T1983 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസുകളുടെ വേഗപരിധി ഉയർത്തികൊണ്ടുള്ള ഉത്തരവ് നിലവിൽ വന്നിട്ടുണ്ടോ;

(ബി) ഇതര ബസുകൾക്ക് സമാനമായ വേഗം സ്കൂൾ ബസുകൾക്ക് അനുവദിക്കുന്നത് അപകടങ്ങൾക്ക് വഴി വയ്ക്കുമെന്ന വസ്തുത ബോധ്യമുണ്ടോ; പ്രസ്തുത സാഹചര്യത്തിൽ സ്കൂൾ ബസുകളുടെ വേഗപരിധി ഉയർത്തിയ ഉത്തരവ് പിൻവലിക്കുമോ;

(സി) മിക്ക ജില്ലകളിലും സ്കൂൾ ബസുകൾ അനുവദിച്ചതിലും ഉയർന്ന വേഗത്തിൽ ഓടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വാഹനങ്ങളെ പിടികൂടുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>വാഹനങ്ങളുടെ വേഗപരിധി</u>

1984 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമിത വേഗതയിൽ വാഹനം ഓടിച്ചതിന് 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിൽ എത്രപേർ സംസ്ഥാനത്ത് ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;

(ബി) ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ട് ;

(സി) മണിക്കൂറിൽ 100 കി.മീ. ൽ അധികം വേഗതയിൽ ഓടിക്കാവുന്ന എത്ര വാഹനങ്ങൾ സംസ്ഥാനത്ത് റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ;

(ഡി) സംസ്ഥാന പാതകളിൽ വാഹനങ്ങൾക്ക് വേഗപരിധി നിശ്ചയിച്ചിട്ടില്ലാത്തതായി എത്ര കി.മീ. റോഡുണ്ടെന്ന് വെളിപ്പെടുത്താമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>വാഹനങ്ങളുടെ ഗ്ലാസ്സുകൾ മറയ്ക്കരുതെന്ന വ്യവസ്ഥയിൽ ഇളവ്</u>

1985 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഗ്ലാസ്സുകൾ മറയ്ക്കരുതെന്ന മോട്ടോർ വെഹിക്കിൾസ് ആക്ടിലെ വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുള്ളത് ഏതൊക്കെ വി.ഐ.പി മാരുടെ കാര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സുപ്രീംകോടതിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) നിയമത്തിലെ വ്യവസ്ഥയും, സുപ്രീംകോടതിയുടെ നിർദ്ദേശവും ലംഘിക്കപ്പെടുന്ന സംഭവങ്ങൾ ഗൗരവപൂർവ്വം കാണുകയും നടപടി സ്വീകരിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
# 16.06.2014-ലെ മറുപടിക്ക്

<u>റോഡ് സേഫ്റ്റി ഫണ്ട്</u>

1986 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും**
**സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

റോഡ് സേഫ്റ്റി ഫണ്ടിൽ നിന്നും കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ മൂന്നു വർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**16.06.2014-ലെ മറുപടിക്ക്**

<u>സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിൽ യോഗം</u>

1987 ശ്രീ. അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എം.എ വാഹീദ്
,, റ്റി. എൻ പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഡിസംബറിൽ സൗത്ത് ഇന്ത്യാ ട്രാൻസ്പോർട്ട് കൗൺസിലിന്റെ യോഗം നടത്തുകയുണ്ടായോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്തത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്തിന് ഗുണകരമാകുന്ന എന്തെല്ലാം ആവശ്യങ്ങളാണ് യോഗത്തിൽ ഉന്നയിച്ചത്; വിശദമാക്കുമോ;

(ഡി) യോഗത്തിൽ ചർച്ച ചെയ്ത കാര്യങ്ങളുടെ തുടർനടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 16.06.2014-ലെ മറുപടിക്ക്

<u>ആലപ്പുഴ ബോട്ടുജെട്ടിയിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ</u>

1988 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പ് ആസ്ഥാനത്തോട് ചേർന്ന് ആലപ്പുഴ ബോട്ടുജെട്ടിയിൽ പുതുതായി നിർമ്മിച്ച കെട്ടിടങ്ങൾ അധികാരികളുടെ അനാസ്ഥയെത്തുടർന്ന് നാശോന്മുഖമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ എന്തിനുവേണ്ടി നിർമ്മിക്കപ്പെട്ടതാണെന്നും ആയതിന് എത്ര തുകയായെന്നും ഇത് ഏതു പദ്ധതിയിൽ ഉൾപ്പെടുത്തി ആരാണ് നിർമ്മിച്ചതെന്നും അറിയിക്കുമോ ;

(സി) ജെട്ടിയിലും പരിസരങ്ങളിലുമായി എത്ര മുറികളാണ് ഒഴിഞ്ഞുകിടക്കുന്നത് ; ഈ മുറികൾ ആവശ്യപ്പെട്ട് ആരെങ്കിലും രേഖാമൂലം അപേക്ഷ തന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരൊക്കെയാണ് എന്നും ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും അറിയിക്കുമോ ;

(ഡി) കെട്ടിടത്തിന്റെ കേടുപാടുകൾ പരിഹരിച്ച് തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടി കൈക്കൊള്ളുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 07.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.